**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1217 — 13.06.2013-ൽ മറുപടിയ്ക്ക്

## റോഡ് അറ്റകുറ്റപ്പണികളുടെ ആവർത്തന ചെലവ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.റ്റി.ബൽറാം**<br>**,, സി.പി.മുഹമ്മദ്**<br>**,, ലൂഡി ലൂയിസ്**<br>**,, ആർ.സെൽവരാജ്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) റോഡുകളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികളുടെ വാർഷിക ആവർത്തന ചെലവ് കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;<br><br>(ബി) ഇതിനായി ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ കാര്യത്തിൽ അവലംബിച്ച രീതി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ; വ്യക്തമാക്കുമോ ;<br><br>(സി) പ്രസ്തുത രീതി ഏതെല്ലാം പാതകളിലാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | **(എ), (ബി) & (സി) :**<br><br>റോഡുകളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികളുടെ വാർഷിക ആവർത്തന ചെലവ് കുറയ്ക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ഹൈവേകളും മറ്റുപ്രധാന റോഡുകളും ബി.എം & ബി.സി ചെയ്ത് ബലപ്പെടുത്തുന്ന രീതിയാണ് ഇപ്പോൾ അവലംബിച്ചിട്ടുള്ളത്. കൂടാതെ കേരള റോഡ് ഫണ്ട് ബോർഡ്, കെ.എസ്.റ്റി.പി, റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള മുതലായ ഏജൻസികൾ വഴി അന്താരാഷ്ട്ര നിലവാരമുള്ള റോഡുകൾ നിർമ്മിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽപ്പെടുത്തി താഴെപ്പറയുന്ന റോഡുകളിൽ ദീർഘകാല പരിപാലന വ്യവസ്ഥ പ്രാവർത്തികമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>1.പിലാത്തറ-പാപ്പിനിശ്ശേരി റോഡ്-20.90 കി.മീ<br>2.കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ്-27.76 കി<br>3.തലശ്ശേരി-വളവുപാറ റോഡ് - 53.12 കി.മീ<br>4.ചെങ്ങന്നൂർ-ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് -87.90 കി.മീ<br>5.പുനലൂർ-പൊൻകുന്നം-തൊടുപുഴ റോഡ്132.22 കി.മീ<br>6.പെരുമ്പിലാവ്-പട്ടാമ്പി-പെരിന്തൽമണ്ണ റോഡ് 41.00 കി.മീ<br><br>ആകെ - 362.90 കി.മീ |

സെക്ഷൻ ഓഫീസർ